പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *264 — 28/01/2014 ൽ മറുപടിയ്ക്ക്

# ഇ-ജില്ലാ പ്രോജക്ട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പാലോട് രവി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂവകുപ്പിന്റെ നേതൃത്വത്തിൽ ഇ-ജില്ലാ പ്രോജക്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ - ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ വഴി ഇ- ജില്ലാ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ - ഡിസ്ട്രിക്റ്റ്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) എപ്പോഴും, എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ - ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധനകൾക്ക് ശേഷം ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനാൽ എപ്പോൾ വേണമെങ്കിലും തൽക്ഷണം പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിക്കുന്നതാണ്. |
| (സി) കോമൺ സർവ്വീസ് സെന്ററുകൾ മുഖേന സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ ; | (സി) NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയസെന്ററുകളെയാണ് കോമൺ സർവീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും, സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും, അനുബന്ധ സാങ്കേതികവിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പി നായി എന്തെല്ലാം നടപടി സ്വീക രിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (ഡി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകളും പരിശീലനവും നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട എസ്.വി.ഒ. മാർക്കും, തഹസീൽദാർമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും ഐ.ടി.മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ